| | | |
|---|---|---|
| 3. | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 4. | കണ്ണൂർ | പയ്യന്നൂർ |
| 5. | കൊല്ലം | പുനലൂർ |
| 6. | കോട്ടയം | കോട്ടയം |
| 7. | കോഴിക്കോട് | കൊയിലാണ്ടി |
| 8. | മലപ്പുറം | പൊന്നാനി |
| 9. | പത്തനംതിട്ട | തിരുവല്ല |
| 10. | പാലക്കാട് | ഒറ്റപ്പാലം |
| 11. | തൃശ്ശൂർ | കുന്നംകുളം |
| 12. | വയനാട് | കൽപ്പറ്റ |

(ബി) കണ്ണൂർ, കോഴിക്കോട്, ഇടുക്കി, വയനാട് എന്നീ ജില്ലകളുടെ റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചു കഴിഞ്ഞു. ഇവയ്ക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. മറ്റു ജില്ലകളുടെ റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പദ്ധതിക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) — (ഇ) ചോദ്യം ഉദിക്കുന്നില്ല.

## എസ്. ജി. എസ്. വൈ. ഫണ്ട് സവിശേഷ പ്രോജക്ടുകൾക്ക് വിനിയോഗിക്കാൻ നടപടി

147 [1980] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. ജി. എസ്. വൈ. ഫണ്ട് സവിശേഷമായ പ്രോജക്ടുകൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം ഇത്തരം എത്ര പ്രോജക്ടുകൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്നും അതിന് എത്ര കോടി രൂപ ചെലവായി എന്നും വ്യക്തമാക്കാമോ;

(സി) നദികൾ, കുടിവെള്ള സ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രോജക്ടുകൾക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യം നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) നൂതനവും സവിശേഷവുമായ പ്രോജക്ടുകൾ അനുവദിക്കുന്നതിനായി എസ്.ജി.എസ്.വൈ. ഫണ്ടിന്റെ 15 ശതമാനം ദേശീയ തലത്തിൽ നീക്കിവച്ചിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ ഒരു നിശ്ചിത എണ്ണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചിത സമയപരിധിക്കുള്ളിൽ ദാരിദ്ര്യരേഖ കടക്കുന്നതിന് ലക്ഷ്യമിടുന്നതിനായിരിക്കണം ഈ പ്രോജക്ടുകൾ. ഇതിന് സഹായകരമായ രീതിയിൽ സ്ഥായിയായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, സാങ്കേതിക വിദ്യാഭ്യാസം, വിപണനം എന്നീ ഘടകങ്ങളിൽ ഊന്നൽ നൽകി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. സ്പെഷ്യൽ പ്രോജക്ടുകളുടെ ആകെ മുതൽമുടക്ക് 15 കോടിയിൽ കൂടാൻ പാടില്ല. സാധാരണഗതിയിൽ 1 കോടി രൂപയിൽ കുറയാനും പാടില്ല. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിക്കുന്ന പ്രോജക്ടുകൾ പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി, പ്രോജക്ട് അപ്രൂവൽ കമ്മിറ്റി എന്നീ കമ്മിറ്റികൾ അംഗീകരിക്കണം.

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള ഡി.ആർ.ഡി.എ.-കളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് മൂന്നു പ്രോജക്ടുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവാദം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുകൾക്ക് ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

| *പ്രോജക്ടിന്റെ പേര്* | *ചെലവായ തുക (തുക ലക്ഷത്തിൽ)* |
|---|---|
| 1. മൈക്രോ എന്റർപ്രൈസസ് ഡവലപ്പ്മെന്റ് വിത്ത് ഇന്നോവേറ്റീവ് കമ്മ്യൂണിറ്റി ആന്റ് മാർക്കറ്റിംഗ് ലിങ്കേജ് (മെഡിക്കോം) ... ആലപ്പുഴ ജില്ല | 216.41 |
| 2. സസ്റ്റൈയിനബിൾ ബിസിനസ് ഡെവലപ്പ്മെന്റ് ഓഫ് ഇന്നോവേറ്റീവ് കോക്കനട്ട് ബേസ്ഡ് മൈക്രോ എന്റർപ്രൈസസ് ഫോർ ഹോളിസ്റ്റിക് ഗ്രോത്ത് ആന്റ് പോവർട്ടി അലിവിയേഷൻ (സുബിക്ഷ)-കോഴിക്കോട് ജില്ല | 228.50 |
| 3. മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ഫോർ സാനിട്ടേഷൻ ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ ... മലപ്പുറം ജില്ല. | 23.04 |
| **ആകെ** | **467.95** |

LIBRARY ARCHIVES Kerala Legislative Assembly

(സി) നദികൾ, കുടിവെള്ള സ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രോജക്ടുകൾക്ക് എസ്.ജി.എസ്.വൈ.-യിൽ സഹായം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ നീർത്തടാധിഷ്ഠിതമായി കുളങ്ങൾ, ചെക്ക് ഡാമുകൾ, ഭൂഗർഭ ജലം റീചാർജ്ജ് ചെയ്യുന്നതിനുതകുന്ന ജലസംഭരണികൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനും വനവൽക്കരണം, ഭൂവികസനം എന്നിവ നടപ്പിലാക്കുന്നതിനും നൂതനമായ കൃഷിരീതികൾക്ക് പ്രചാരം നൽകുന്നതിനും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഹരിയാലി പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഈ പദ്ധതിയിൽ അംഗീകാരം തേടുന്നതിനായി നിരവധി പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഹരിയാലി പദ്ധതിപ്രകാരമുള്ള പ്രോജക്ടുകളുടെ നിർവഹണം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുമ്പോൾ വിവിധ വകുപ്പുകളുടെ ജില്ലാ ബ്ലോക്കുതല ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്.

**എസ്.ഐ.ആർ.ഡി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

148 [1981] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 2005-2006 സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ഗ്രാന്റായി ലഭിച്ചു;

(ബി) ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ;

(സി) കൊട്ടാരക്കര എസ്.ഐ.ആർ.ഡി.-യുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദ്യോഗസ്ഥൻമാർക്ക് നല്കുന്ന ട്രെയിനിംഗ് പരിപാടികളിൽ ക്ലാസ് എടുക്കാൻ ഉന്നത ഉദ്യോഗസ്ഥരും പ്രമുഖ വ്യക്തികളും തയ്യാറാവാത്ത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) എസ്.ഐ.ആർ.ഡി.-യുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം ഉൾപ്പെടെ ഒരു വർഷത്തെ ആകെ ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഈ സ്ഥാപനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) 41.487 കോടി രൂപ 2005-2006 വർഷത്തിൽ എസ്.ജി.ആർ.വൈ. പദ്ധതിക്ക് കേന്ദ്ര വിഹിതമായി ലഭിച്ചു.

GPM. 2/566/2012—24

LIBRARY ARCHIVES Kerala Legislative Assembly